## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **778** — **28/02/2018**-ലെ മറുപടി

### ജല അതോറിറ്റിയുടെ മൂന്നു വർഷത്തെ കണക്കുകൾ

| **ചോദ്യം**<br>ശ്രീ.മോൻസ് ജോസഫ് | **മറുപടി**<br>മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|
| (എ) ജല അതോറിറ്റിയുടെ മൂന്നു വർഷത്തെ കണക്കുകൾ പരിശോധിക്കാൻ പുറം കരാർ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) ജല അതോറിറ്റിയുടെ കണക്കുകൾ പരിശോധിക്കുന്നത് അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസാണ്. അത്തരത്തിലുള്ള പരിശോധനയ്ക്ക് പുറം കരാർ നൽകിയിട്ടില്ല. |
| (ബി) അക്കൗണ്ട്സ് വിഭാഗത്തിലെ ജോലികൾ പുറം കരാർ നൽകാനുള്ള തീരുമാനമെടുത്തത് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടോ ; | (ബി) 28/11/2017 ലെ അതോറിറ്റിയുടെ 398-മത് മീറ്റിംഗിലെ തീരുമാനം അനുസരിച്ച് 2014-15 മുതൽ 2016-17 വരെയുള്ള അക്കൗണ്ട്സ് തീർപ്പാക്കുന്നതിന് പുറം കരാർ നൽകുവാൻ തീരുമാനിച്ചു. ഇതിനോട് അനുബന്ധിച്ചുള്ള അനന്തര നടപടികൾ നടന്നുവരുന്നു. |
| (സി) ജല അതോറിറ്റിയുടെ കണക്കുകൾ യഥാസമയം കേന്ദ്ര സംസ്ഥാന സർക്കാരുകളെ അറിയിക്കാത്തതു കാരണം അതോറിറ്റിയ്ക്ക് പുതിയ പദ്ധതികൾ നഷ്ടമായിട്ടുണ്ടോ;എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | (സി) ഇല്ല. |

Renuka Sankar
സെക്ഷൻ ഓഫീസർ